## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1152 **29.9.2011 ൽ മറുപടിയ്ക്ക്**

**കുട്ടനാട് താലൂക്കിലെ മരാമത്ത് ജോലികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.തോമസ് ചാണ്ടി** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി)** |
| എ) കുട്ടനാട് താലൂക്കിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എടത്വ സബ് ട്രഷറി നിർമ്മാണം, പുളിങ്കുന്ന് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) **എടത്വ സബ് ട്രഷറി നിർമ്മാണം:** ട്രഷറി നിർമ്മാണത്തിനായി കോൺട്രാക്ടർ ശ്രീ.വർഗ്ഗീസ് കണ്ണംപള്ളി സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി 4-6-2010 ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. എന്നാൽ കുറച്ചു ഫില്ലിംങ്ങ് പണികൾ മാത്രം ചെയ്തതിനുശേഷം ദീഘനാളായി പണി നിശ്ചലാവസ്ഥയിൽ ആയിരുന്നതിനാൽ റിസ്ക്ക് ആന്റ് കോസ്റ്റിൽ വർക്ക് ടെർമിനേറ്റ് ചെയ്യുവാൻ എഗ്രിമെന്റ് അതോറിറ്റിയോട് 16-9-2011 ൽ ശുപാർശ ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ കോൺട്രാക്ടർ കെട്ടിടത്തിന്റെ ഫൗണ്ടേഷന്റെ പൈലിങ്ങ് ജോലികൾ ആരംഭിച്ചിട്ടുണ്ട്.<br><br>**പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണം**<br><br>ഇതിനായുള്ള ടെണ്ടർ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ ചെയ്തിട്ടുണ്ട്. ടെണ്ടർ സാംഗ്ഷനു വേണ്ടിയുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയിർ ആഫീസിൽ നടന്നുവരുന്നു |
| ബി) കണ്ടങ്കരിപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | ബി) കണ്ടങ്കരിപാലത്തിന്റെ കോഴിമുക്ക് (ചമ്പക്കുളം റോഡിൽ കി.മീ 7/000 മുതൽ 4/400) വരെ താഴ്ന്ന ഭാഗം ഉയർത്തുന്നതിനുവേണ്ടി 2.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് O.R എന്ന സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ